MR. K. A. MATHEW (*Thirivella IV—General*) : ആട്ടും ലയിസൺ ആഫീസറായിരുന്ന ആൾ രാജിവച്ചതോടുകൂടി ആ ഉദ്യോഗം നിറുത്തൽ ചെയ്യു എന്നു പറഞ്ഞു. ആ ആളിനു വേണ്ടിയാണോ അങ്ങനെ ഒരു ഉദ്യോഗം സൃഷ്ടിച്ചതെന്നു പറയാമോ?

HON'BLE MR. T. K. NARAYANA PILLAI : അതു ബഹുമാനപ്പെട്ട മെമ്പറന്മാരുടെ ഹിതാനുസരണം അനുമാനിക്കാവുന്ന കാര്യമാണ്.

MR. MOHAMMED MUSTAFA : ആ ഉദ്യോഗസ്ഥൻ രാജിവയ്ക്കാൻ എന്തെങ്കിലും പ്രത്യേക കാരണമുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI: പ്രത്യേക കാരണമൊന്നുമില്ല.

MR. ABDUL AZIZ : അങ്ങനെ ഒരു ഉദ്യോഗസ്ഥൻ ആവശ്യമായിരുന്നു എന്നു ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അത്യാവശ്യമായിരുന്നു എന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

കൊല്ലം ആലപ്പുഴ റോഡിലെ പാലങ്ങൾ.

*112. MR. K. K. CHELLAPPAN PILLAI (*Mavelikara II—General*): താഴെ കാണുന്ന ചോദ്യത്തിനു പൊതു മരാമത്തു വകുപ്പിന്റെ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

കൊല്ലം ആലപ്പുഴ റോഡിൽ ഭാരം കയറിയ വാഹനങ്ങൾക്കു സഞ്ചാരയോഗ്യമല്ലാത്ത എത്ര പാലങ്ങൾ ഉണ്ടു? അവയെ നന്നാക്കുന്നതിനു ഗവണ്മെൻറു വല്ല നടപടിയും നടത്തിയിട്ടുണ്ടോ? എത്ര ലക്ഷം ചെലവു വരും?

HON'BLE MR. K. R. ELANKATH: മൂന്നു പാലങ്ങൾ ഉണ്ടു്. അതു് യഥു് ചവറ, കണ്ണേറിൽ, തോട്ടപ്പള്ളി. ചവറപാലം പൊളിച്ചു പണിയുന്നതിനു ഒരു എസ്റ്റിമേറു സാംഗ്ഷൻ ചെയ്തിട്ടുണ്ടു്. ജോലി ആരംഭിക്കുന്നതിനുവേണ്ട നടപടികളും എടുത്തിട്ടുണ്ടു്. കണ്ണേറിൽ പാലം പൊളിച്ചു പണയുന്നതിനു ഒരു ഡിസൈൻ തയാറാക്കിക്കൊണ്ടിരിക്കുകയാണു. തോട്ടപ്പള്ളി പാലത്തിന്റെ കേടുകൂടം പോക്കുന്നതിനും ജോലികൾ ആരംഭിച്ചിട്ടുണ്ടു. അതിനു ൧൮,൧൦,൦൦൦ രൂപാ ഉദ്ദേശം ചിലവു വരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

MR. MOHAMMED MUSTAFA : കഴിഞ്ഞ സെഷനിൽ ഒരു ചോദ്യത്തിനു മറുപടിയായി ഈ പാലങ്ങൾ നന്നാക്കുന്നതിനു നടപടി ആരം

LIBRARY ARCHIVES Kerala Legislative Assembly

ളിച്ചിട്ടുണ്ടെന്നു പറഞ്ഞുവെങ്കിലും അതിനുശേഷം ഇതുവരെ ഒരു ജോലിയും നടന്നിട്ടില്ലെന്നറിയാമോ?

HON'BLE MR. K. R. ELANKATH : ജോലികൾ ആരംഭിച്ചിട്ടില്ലെന്നു പറയുന്നതു ശരിയല്ല. എസ്റ്റിമേറുകൾ തയാറാക്കിയിട്ടുണ്ട്. ജോലികൾ നടക്കുന്നുണ്ട്.

MR. T. A. ABDULLA (*Ambalapuzha I—Muslim*) : ചുവരപാലം പണിയുന്നതിനു മുമ്പു് ഒരു കാൺട്രാക്ടറു കൊടുത്തിരുന്നോ?

HON'BLE MR. K. R. ELANKATH : മുമ്പു് ഒരു കൺട്രാക്ടറക്കു് കൊടുത്തിരുന്നു. എന്നാൽ ആ കൺട്രാക്ടറക്കു് ജോലി നടത്തുന്നതിനു് സൗകര്യമില്ലെന്നു കണ്ടതുകൊണ്ടു ഗവണ്മെൻറുതന്നെ നേരിട്ടു നടത്താൻ നിശ്ചയിച്ചിരിക്കുകയാണു്.

MR. T. A. ABDULLA : കാൺട്രാക്ടറു് കൊടുത്ത തുകയും ഇപ്പോൾ എസ്റ്റിമേറു ചെയ്തിരിക്കുന്ന തുകയും തമ്മിൽ വ്യത്യാസം ഉണ്ടോ?

HON'BLE MR. K. R. ELANKATH : എസ്റ്റിമേറു ചെയ്തിരിക്കുന്ന തുക കാൺട്രാക്ടറു കൊടുത്തിരുന്ന തുകയേക്കാൾ കുറെ കൂടുതലാണു്. പക്ഷെ തുകയെ മാത്രമല്ല കാണ്മാനുള്ളതു്. ജോലി തൃപ്തികരമായി ചെയ്യുന്നുണ്ടോ എന്നാണു് നോക്കേണ്ടതു്.

MR. P. S. MUHAMMED : നേരിട്ടു ചെയ്യുന്നതു് എപ്പോഴും നഷ്ടത്തിലേ കലാശിക്കുകയുള്ളുവെന്നു ഇതുവരെയുള്ള അനുഭവത്തിൽനിന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലേ?

HON'BLE MR. K. R. ELANKATH : കഴിഞ്ഞിട്ടില്ല.

MR. P. K. KUNJU (*Karunagapally I—Muslim*) : മുമ്പു കൊടുത്തിരുന്ന കാൺട്രാക്ടറു് ക്യാൻസൽ ചെയ്യാനുള്ള കാരണമെന്താണു്?

HON'BLE MR. K. R. ELANKATH : ആ കൺട്രാക്ടർ ജോലികൾ തൃപ്തികരമായി നിർവഹിക്കുകയില്ലെന്നു തോന്നിയതുകൊണ്ടു അതു ക്യാൻസൽ ചെയ്തു. അതേ സംബന്ധിച്ചു് ഗവണ്മെൻറിനു് ഒരു പെറ്റീഷനും കിട്ടിയിട്ടുണ്ടു്. പെറ്റീഷൻ അന്വേഷണത്തിലിരിക്കുകയാണു്.

MR. P. K. KUNJU : പഴയ കൺട്രാക്ടർ ശരിയായി ജോലി നടത്തിയില്ലെങ്കിൽ വീണ്ടും ടെൻഡർ വിളിച്ചുകൂടെ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. K. R. ELANKATH : അങ്ങിനെ പാടില്ലെന്നില്ല. പക്ഷെ ഏറ്റവും കൂടുതൽ തൃപ്തികരമായി ജോലി ചെയ്യുമെന്നു വിചാരിച്ചു ഞാൻ ക്കാണ് ആദ്യം കൊടുത്തതു്. അതും തൃപ്തികരമാകുന്നില്ലെന്നു കണ്ടതു് കൊണ്ടു ഗവണ്മെൻറു നേരിട്ടു നടത്താമെന്നാണു വിചാരിക്കുന്നതു്.

MR. ABDUL AZIZ : തൃപ്തികരമായി ജോലി ചെയ്യുമോ എന്നന്വേഷിക്കുന്നതു് കാൺട്രാക്റു കൊടുക്കുന്നതിനു മുമ്പോ പിമ്പോ ?

HON'BLE MR. K. R. ELANKATH : മുമ്പുതന്നെ.

MR. ABDUL AZIZ : കൺട്രാക്റു കൊടുക്കുന്നതിനു മുമ്പു അന്വേഷിച്ചുവെങ്കിൽ തൃപ്തികരമായി ജോലി ചെയ്യാത്ത കൺട്രാക്റർക്കു് കൊടുക്കാൻ ഇടവന്നതെന്തുകൊണ്ടാണു് ?

HON'BLE MR. K. R. ELANKATH : അതാണു് ഞാൻ നേരത്തെ പറഞ്ഞതു്, ഒരു പെറ്റീഷൻ കിട്ടിയിട്ടുണ്ടു്, അതു് അന്വേഷണത്തിലിരിക്കുകയാണെന്നു്.

MR. N. V. CHACKO (*Kunnathunad III—General*) : കഴിഞ്ഞ അഞ്ചാറു മാസക്കാലത്തിനിടക്കു് തിരുവിതാംകൂറിൻറെ പല ഭാഗങ്ങളിലുമായി അനേകം പാലങ്ങൾക്കു് കേടു സംഭവിച്ചിട്ടുള്ളതുകൊണ്ടു അതിനു വല്ല പ്രത്യേക കാരണവുമുണ്ടോ എന്നു് അന്വേഷിച്ചിട്ടുണ്ടോ ?

HON'BLE MR. K. R. ELANKATH : അതിനെപ്പറ്റി അന്വേഷിക്കാം.

ഗ്രാമോദ്ധാരണകേന്ദ്രം.

* 113. MR. K. K. CHELLAPPAN PILLAI (*Mavelikara II—General*) : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ?

മാവേലിക്കര താലൂക്കിൽ ഗ്രാമോദ്ധാരണകേന്ദ്രങ്ങൾക്കുവേണ്ടിയുള്ള പകൃതികളിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടു ? അതിന്മേൽ എന്തു നടപടി നടത്തിയിട്ടുണ്ടു ?

HON'BLE MR. N. KUNJURAMAN : ചുനക്കര, ചെന്നിത്തല, തൃപ്പെരുന്തുറ, എന്നീ പകൃതികളിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടു്. ഗ്രാമോദ്ധാരണ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള കാര്യം ഫൈവ് ഇയർ പ്ലാനിൽ ഉദ്ധാരണപ്രവർത്തനങ്ങൾക്കു് പുതിയ കേന്ദ്രങ്ങൾ തിരഞ്ഞെടുക്കുന്ന അവസരത്തിൽ മാത്രമേ ആലോചനക്കെടുക്കുവാൻ നിവൃത്തിയുള്ളുവെന്നു അപേക്ഷകന്മാരെ തെര്യപ്പെടുത്തിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly